"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ് - പട്ടയ ഫയലുകൾ നഷ്ടപ്പെട്ട കേസുകളിൽ ആധികാരികത ഉറപ്പ വരുത്തി നിജസ്ഥിതി സർട്ടിഫിക്കറ്റ് അനുവദിയ്ക്കുന്നത് - മാർഗ്ഗ നിർദ്ദേശങ്ങൾ പുതുക്കി നിശ്ചയിച്ച് - ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു.

---

**റവന്യൂ (എ) വകുപ്പ്**

സ.ഉ.(കൈ) നം.142/2025/RD തീയതി,തിരുവനന്തപുരം, 26-05-2025

---

പരാമർശം:-

1. സ.ഉ(സാധാ)3329/2020/റവ, തീയതി 28.10.2020.
2. ലാന്റ് റവന്യൂ കമ്മീഷണറുടെ 06/07/2024, 25.11.2024 തീയതികളിലെ LR/8402/2022-LR(J7) നം കത്തുകൾ.

**ഉത്തരവ്**

വിവിധ ഭൂമി പതിവ് നിയമങ്ങൾ പ്രകാരം അനുവദിച്ച പട്ടയങ്ങൾ സംബന്ധിച്ച ഫയലുകൾ നഷ്ടപ്പെട്ട കേസുകളിൽ ആധികാരികത ഉറപ്പ വരുത്തി നിജസ്ഥിതി സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിന് മാർഗ്ഗ നിർദ്ദേശങ്ങൾ നൽകി പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഉത്തരവിലെ വ്യവസ്ഥകൾ 1964 ലെ കേരള ഭൂമി പതിവ് ചട്ടങ്ങൾ, 1995 ലെ കേരള മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശങ്ങളിലെ ഭൂമി പതിവ് ചട്ടങ്ങൾ, 1993 ലെ 01/01/1977-നു മുൻപ് വനഭൂമിയിൽ നടത്തിയിട്ടുള്ള കുടിയേറ്റങ്ങൾ ക്രമീകരിക്കുന്നതിനുള്ള പ്രത്യേക ഭൂമി പതിവ് ചട്ടങ്ങൾ എന്നീ പതിവ് ചട്ടങ്ങൾ പ്രകാരം അനുവദിച്ച പട്ടയങ്ങൾക്ക് മാത്രമാണ് ബാധകമാക്കിയിരുന്നത്. ആയതിനാൽ, മറ്റ് നിയമങ്ങളും ചട്ടങ്ങളും പ്രകാരം അനുവദിച്ച പട്ടയങ്ങളുമായി ബന്ധപ്പെട്ട് നിജസ്ഥിതി സർട്ടിഫിക്കറ്റ് നൽകുന്നതിന് പ്രത്യേക സർക്കാർ ഉത്തരവ് പുറപ്പെടുവിയ്ക്കുന്നതിന് ലാന്റ് റവന്യൂ കമ്മീഷണർ പരാമർശം (2) പ്രകാരം ശുപാർശ സമർപ്പിയ്ക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ , പരാമർശം (1) -ലെ സർക്കാർ ഉത്തരവ് റദ്ദാക്കിക്കൊണ്ടും പട്ടയ ഫയലുകൾ നഷ്ടപ്പെട്ട കേസുകളിൽ ആധികാരികത ഉറപ്പ വരുത്തി നിജസ്ഥിതി സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിന് ചുവടെ പറയും പ്രകാരം പുതുക്കിയ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. പട്ടയ കക്ഷിയുടെ അഥവാ നിലവിലെ നിയമാനുസൃത കൈവശക്കാരനിൽ നിന്നും അസൽ പട്ടയം നഷ്ടപ്പെട്ടിട്ടുണ്ടാകുകയും, എന്നാൽ ബന്ധപ്പെട്ട പട്ടയ അധികാരിയുടെ കാര്യാലയത്തിൽ പട്ടയ ഫയൽ ലഭ്യമായിരിക്കുകയും, പതിവ് അപേക്ഷാ രജിസ്റ്റർ, പട്ടയവിതരണ രജിസ്റ്റർ, പതിവ് ലിസ്റ്റ്, റീസർവെ ലാൻഡ് രജിസ്റ്റർ, കൂടുതൽ / കുറവ് അക്കൗണ്ട് ഉൾപ്പെടെയുള്ള ജമാബന്ധി റിക്കാർഡുകൾ എന്നിവയിലെ രേഖപ്പെടുത്തലുകൾ ശരിയായിരിക്കുകയും പതിവ് തുകകൾ ഖജനാവിൽ ഒടുക്കിയിട്ടുള്ളത് സംബന്ധിച്ച രേഖകൾ (ട്രഷറി ചെലാനുകൾ) ലഭ്യമായിരിക്കുകയും വില്ലേജ് ഓഫീസിലെ തണ്ടപ്പേർ അക്കൗണ്ടിൽ പട്ടയ കക്ഷിയുടെയോ തുടർന്നുള്ള നിയമാനുസൃത കൈമാറ്റങ്ങൾ മുഖേന നിലവിലെ കൈവശക്കാരന്റെയോ പേരിൽ ഭൂനികുതി ഒടുക്കി വരുന്നതുമായ സാഹചര്യങ്ങളിൽ പട്ടയ ഫയൽ പ്രകാരമുള്ള ഭൂമി തന്നെയാണ് കൈവശഭൂമിയെന്ന് ഉറപ്പ വരുത്തിക്കൊണ്ട് ആധികാരികത ബോദ്ധ്യപ്പെടുന്ന സംഗതികളിൽ പട്ടയ കക്ഷി അഥവ പട്ടയം ലഭിച്ച ആളിൽ നിന്നും നിയമാനുസൃതം ഭൂമി കൈമാറ്റം ചെയ്തു ലഭിച്ച ഇപ്പോഴത്തെ കൈവശക്കാരന്റെ പേരിൽ നിജസ്ഥിതി

സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിന് ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തുന്നു.

4.പട്ടാദാരന്റെ അഥവാ നിലവിലെ നിയമാനുസൃത കൈവശക്കാരന്റെ കൈവശം പട്ടയം ഉണ്ടായിരിക്കുകയും വില്ലേജ് റിക്കാർഡുകളിൽ ആയതിന് അനുസരണമായുള്ള മാറ്റങ്ങൾ വരുത്തിയിട്ടില്ലാത്തതുമായ എല്ലാ സാഹചര്യങ്ങളിലും, പതിവധികാരിയുടെ കാര്യാലയത്തിൽ സൂക്ഷിച്ചിട്ടുള്ള പട്ടയ ഫയലുകൾ, പട്ടയസ്കെച്ച്, പതിവപേക്ഷാ രജിസ്റ്റർ, പട്ടയവിതരണ രജിസ്റ്റർ, റീ-സർവേ ലാൻഡ് രജിസ്റ്റർ, ജോയിന്റ് വെരിഫിക്കേഷൻ റിപ്പോർട്ട്, പതിവ് തുകകൾ ഒടുക്കുവരുത്തിയതിനുള്ള ട്രഷറി രേഖകൾ എന്നിവ പരിശോധിച്ച് പട്ടയത്തിന്റെ സാധുത ഉറപ്പുവരുത്തിക്കൊണ്ട് നിജസ്ഥിതി സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിന് ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തുന്നു.

5. പട്ടാദാരന്റെ കൈവശം അസൽ പട്ടയം ഇല്ലാതിരിക്കുകയും വില്ലേജ് റിക്കാർഡുകളിൽ ആയതിന് അനുസരണമായി മാറ്റങ്ങൾ വരുത്തിയിട്ടുണ്ടാകുകയും എന്നാൽ, പതിവധികാരിയുടെ കാര്യാലയത്തിലെ പട്ടയഫയൽ നഷ്ടപ്പെടുകയോ നശിച്ചുപോകുകയോ ചെയ്തിട്ടുള്ള കേസുകളിൽ പതിവ് അപേക്ഷാ രജിസ്റ്റർ ( നം.1 രജിസ്റ്റർ), പട്ടയവിതരണ രജിസ്റ്റർ (നം.2 രജിസ്റ്റർ), റീ-സർവേ ലാൻഡ് രജിസ്റ്റർ, ജോയിന്റ് വെരിഫിക്കേഷൻ റിപ്പോർട്ട്, പതിവ് തുകകൾ സംബന്ധിച്ച ട്രഷറി രേഖകൾ, പതിവ് കാലയളവിലെ ജില്ലാ കളക്ടർ അംഗീകരിച്ച പതിവ് ലിസ്റ്റ്, പതിവ് കമ്മിറ്റി ചേർന്നതിനുള്ള രേഖകൾ, മിനിറ്റ്സ്, വില്ലേജാഫീസുകളിൽ സൂക്ഷിക്കുന്ന അംഗീകൃത പതിവ് ലിസ്റ്റ്, പതിവ് അക്കൗണ്ട്, കൂടുതൽ-കുറവ് അക്കൗണ്ട്, അക്കൗണ്ട് നം.7 (കാസർഗോഡ് ദർഘാസ് രജിസ്ട്രിയിൽ) എന്നിവ പരിശോധിച്ച് പട്ടയത്തിന്റെ സാധുത ഉറപ്പുവരുത്തിക്കൊണ്ട് നിജസ്ഥിതി സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിന് ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തുന്നു.

6.പട്ടയം അനുവദിച്ചിരുന്ന ഭൂമിയിൽ ഇപ്പോൾ ഒന്നിലധികം കൈവശങ്ങൾ ഉള്ള പക്ഷം എല്ലാ കൈവശങ്ങളും ചേർത്തുള്ള ഗ്രൂപ്പ് സ്കെച്ച് തയ്യാറാക്കേണ്ടതും എല്ലാ കൈവശങ്ങളും ചേർത്തുള്ള ആകെ വിസ്തീർണ്ണം പട്ടയം അനുവദിച്ച വിസ്തീർണ്ണത്തിൽ അധികരിക്കുന്നില്ല എന്ന് ഉറപ്പാക്കേണ്ടതുമാണ്.

7. നിജസ്ഥിതി സർട്ടിഫിക്കറ്റ് അനുവദിക്കുന്ന എല്ലാ കേസുകളിലും താലൂക്ക് സർവ്വെയർ മുഖേന ബന്ധപ്പെട്ട തഹസിൽദാർ ഭൂമിയുടെ ജിയോ കോ-ഓർഡിനേറ്റുകൾ ശേഖരിക്കേണ്ടതും അത്തരത്തിൽ പുതുതായി സ്കെച്ച് തയ്യാറാക്കേണ്ടതുമാണ്. ഇത്തരത്തിൽ ലഭ്യമാകുന്ന ജിയോ കോ-ഓർഡിനേറ്റുകൾ നിജസ്ഥിതി സർട്ടിഫിക്കറ്റിൽ ഉൾക്കൊള്ളിക്കേണ്ടതാണ്.

8. നിജസ്ഥിതി സർട്ടിഫിക്കറ്റ് അനുവദിക്കുന്ന എല്ലാ സംഗതിയിലും, പകർപ്പ് ഇതിലേയ്ക്കായുള്ള ചിലവ് പൂർണ്ണമായും അപേക്ഷകൻ വഹിക്കേണ്ടതാണെന്ന നിബന്ധനയോടെ രജിസ്റ്റർ ചെയ്യുന്നതിലേയ്ക്കായി ബന്ധപ്പെട്ട സബ് രജിസ്ട്രാർക്ക് അയച്ചു കൊടുക്കേണ്ടതാണ്.

9 . ഇതോടൊപ്പം അനുബന്ധമായി ചേർത്തിട്ടുള്ള നിയമങ്ങൾ/ചട്ടങ്ങൾ പ്രകാരം അനുവദിച്ച പട്ടയങ്ങൾ നഷ്ടപ്പെട്ടിട്ടുള്ള സംഗതികളിൽ നിജസ്ഥിതി സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിനാണ് ഈ ഉത്തരവിലെ വ്യവസ്ഥകൾ ബാധകമാകുക.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ടിങ്കു ബിസ്വാൾ
പ്രിൻസിപ്പൽ സെക്രട്ടറി

1. ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം.

2. എല്ലാ ജില്ലാ കളക്ടർമാർക്കും
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ, ആഡിറ്റ്) കേരളം,
   തിരുവനന്തപുരം
4. ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ്(വെബ് &ന്യൂ മീഡിയ) വകുപ്പ്.
5. റവന്യൂ(എ/എൽ/യു/എം) വകുപ്പുകൾ
6. കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

Signed by
Prathapachandran S
Date: 26-05-2025 16:44:08

സെക്ഷൻ ഓഫീസർ

പകർപ്പ് : 28.10.2020 ലെ സ.ഉ(സാധാ)3329/2020/റവ നം തീർപ്പ ഫയലിലേയ്ക്കായി.

**അനുബന്ധം**

| Sl. No. | Act/Pattayam | Rules |
|---|---|---|
| 1. | The Kerala Land Assignment Act,1960 | 1.The Kerala Land Assignment Rules 1964<br><br>2.Assignment of Land within Municipal And Corporation Areas 1995<br><br>3.The Kerala Land Assignment (Regularisation of Occupations of Forest Lands Prior to 01-01-1977) Special Rules,1993<br><br>4.The Arable Forest Land Assignment Rules 1970<br><br>5.Kerala Private Forest Vesting & Assignment Rules 1974<br><br>6.Special Rules for the Assignment of Government Land for Rubber Cultivation 1960<br><br>7. The Bhoodan Assignment Rules 1962<br><br>8.Rules For the Assignment of Government Lands For Settlement of Agricultural Laboures |

| | | |
|---|---|---|
| | | 9.The Kerala Assignment of Govt.Land to Scheduled Tribes Rules 2001<br><br>10. The Transfer of Registry Rules 1966<br><br>11.The Kerala Land Assignment & Allotment of Industrial Purpose Rule 2023<br><br>12.Co-Operative Colonisation Scheme Rules 1971<br><br>13.High Range Colonisation Scheme Rules 1968 |
| 2 | Settlement Pattas (SS Pattayams) | Settlement Scheme Patta Rules |
| 3 | Darkhas Registry (DR Pattayams) | Pattas issued under Provisions of KLA Act,1960 |